**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 147** **02-02-2024 - ൽ മറുപടിയ്ക്ക്**

**മാതൃക അസിസ്റ്റീവ് വില്ലേജുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ വി ജോയി,<br>ശ്രീ. സി. എച്ച്. കുഞ്ഞമ്പു,<br>ശ്രീ. പി.പി. ചിത്തരഞ്ജൻ,<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** | | **ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | ഓട്ടിസം ഉൾപ്പെടെ ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ കുടുംബങ്ങൾക്ക് ഒരുമിച്ച് താമസിക്കുവാൻ ഉതകുന്നവിധം മാതൃക അസിസ്റ്റീവ് വില്ലേജുകൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; | (എ) | ഓട്ടിസം ഉൾപ്പെടെ ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന ഭിന്നശേഷിക്കാരടക്കം ഭിന്നശേഷിക്കാരുടെ സമഗ്രമായ പുനരധിവാസം ലക്ഷ്യമാക്കിക്കൊണ്ട് പുനരധിവാസ ഗ്രാമങ്ങൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | എങ്കിൽ ഏതൊക്കെ സ്ഥലങ്ങളിലാണ് ഇവ ആരംഭിക്കാൻ തീരുമാനിച്ചിട്ടുള്ളതെന്നും ഇവിടങ്ങളിൽ എന്തെല്ലാം സൗകര്യങ്ങളും സംവിധാനങ്ങളുമാണ് ഒരുക്കാൻ നിശ്ചയിച്ചിട്ടുള്ളതെന്നും അറിയിക്കുമോ; ഇതിനായുള്ള പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശം ലഭ്യമാക്കാമോ; | (ബി) | ഭിന്നശേഷിക്കാരുടെ സമഗ്ര പുനരധിവാസത്തിനു വേണ്ടി സംയോജിത പുനരധിവാസഗ്രാമം പദ്ധതി ആരംഭിയ്ക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. പുനരധിവാസ ഗ്രാമങ്ങൾ ആരംഭിക്കുന്നതിനുള്ള പ്രാഥമിക നടപടികൾ വകുപ്പ് തലത്തിൽ ആരംഭിച്ചിട്ടുണ്ട്. മൂന്നു മേഖലകളിലായി സാമൂഹ്യനീതി വകുപ്പിനു കീഴിൽ അന്താരാഷ്ട്രനിലവാരത്തിലുള്ള മൂന്നു പുനരധിവാസ വില്ലേജുകൾ സ്ഥാപിക്കുമെന്ന് സർക്കാർ നയപ്രഖ്യപനത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ഭിന്നശേഷിക്കാരുടെ ജീവിത കാലയളവിൽ ആവശ്യമായ എല്ലാ സൗകര്യങ്ങളും പ്രദാനം ചെയ്യുവാനാണ് പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്. ഭിന്നശേഷിക്കാർക്ക് വേണ്ടിയുള്ള സംയോജിത പുനരധിവാസഗ്രാമം പദ്ധതിയ്ക്കായി ഭൂമി ലഭ്യമാക്കുന്നതിന് വിവിധ ജനപ്രതിനിധികൾ സന്നദ്ധത അറിയിച്ചിരുന്നു. പുനലൂർ, നിലമ്പൂർ, കാഞ്ഞിരപ്പള്ളി, കാട്ടാക്കട, കണ്ണൂർ, ഗുരുവായൂർ എന്നീ മണ്ഡലങ്ങളിലെ എം.എൽ.എ.മാരുമായി പുനരധിവാസ ഗ്രാമങ്ങൾ ആരംഭിക്കുന്നതിനുള്ള സാധ്യത പരിശോധിക്കുന്നതിനുള്ള പ്രാരംഭ ചർച്ചകൾ സാമൂഹ്യനീതി വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ നടക്കുകയും അനുയോജ്യമായ ഭൂമി കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുകയും ചെയ്യുന്നു. ഇതിലേക്കായി ലഭ്യമാകുന്ന ഭൂമിയുടെ വിസ്തൃതിക്ക് അനുസൃതമായി മൂന്നു വ്യത്യസ്ത പുനരധിവാസ സംവിധാനങ്ങൾ വിഭാവനം ചെയ്യുന്നു. |

| | | | |
|---|---|---|---|
| | | | പദ്ധതിയ്ക്കായി ലഭ്യമാകുന്ന ഭൂമിയ്ക്കനുസൃതമായി മൂന്ന് രീതിയിലുള്ള പുനരധിവാസഗ്രാമങ്ങളുടെ മാതൃകകൾ തയ്യാറാക്കുന്നതിന്റെ ഭാഗമായി 29/05/2023 ന് National Institute of Physical Medicine & Rehabilitation (NIPMR)-ൽ വച്ച് വർക്ക്ഷോപ്പ് സംഘടിപ്പിച്ചിരുന്നു. പ്രസ്തുത ഭൂമിയിൽ പുനരധിവാസ ഗ്രാമങ്ങൾ ആരംഭിക്കുന്നതിനുള്ള സാധ്യത പരിശോധിക്കുന്നതിനുള്ള ചർച്ചകൾ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ നടന്നിരുന്നു. കണ്ടെത്തിയ സ്ഥലങ്ങളിൽ പദ്ധതി ആരംഭിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിച്ച് ഭൂമി ഏറ്റെടുക്കുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുവാൻ സാമൂഹ്യനീതി ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. നിലവിൽ 6 സ്ഥലങ്ങളിലാണ് പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നത്. അതിൽ തിരുവനന്തപുരം ജില്ലയിലെ അഴൂർ വില്ലേജ്, കൊല്ലം ജില്ലയിലെ പുനലൂർ താലൂക്കിലെ വാളക്കോട് വില്ലേജ്, മലപ്പുറം ജില്ലയിലെ കുറുമ്പത്തൂർ വില്ലേജ് എന്നിവിടങ്ങളിൽ നിന്നും പദ്ധതിക്കായി ഭൂമി അനുവദിച്ച് ഉത്തരവായിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ കാട്ടാക്കട ഗ്രാമപഞ്ചായത്ത്, കോട്ടയം ജില്ലയിലെ മണിമല വില്ലേജ്, മലപ്പുറം ജില്ലയിലെ നിലമ്പൂർ മുനിസിപ്പാലിറ്റി എന്നിവിടങ്ങളിൽ പുനരധിവാസ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനായി ഭൂമി സാമൂഹ്യനീതി വകുപ്പിന് ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | ഇത്തരം സ്ഥാപനങ്ങൾ ആരംഭിക്കുന്നതിലൂടെ എന്തൊക്കെയാണ് ലക്ഷ്യമിടുന്നത്; വ്യക്തമാക്കാമോ? | (സി) | ഭിന്നശേഷിക്കാരുടെയും അവരുടെരക്ഷകർത്താക്കളുടെയും സമഗ്രമായ പുനരധിവാസമാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. പദ്ധതിയിൽ ഭിന്നശേഷിക്കാരുടെ പുനരധിവാസത്തിനു പുറമേ അവരുടെ രക്ഷകർത്താക്കൾക്ക് തൊഴിൽ വൈദഗ്ധ്യം നൽകുന്നതുൾപ്പെടെയുള്ള വിവിധ ഘടകങ്ങളും ഉൾപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ട്. പദ്ധതിക്ക് ലഭ്യമാകുന്ന ഭൂമിയുടെ വിസ്തൃതികൂടി കമക്കിലെടുത്ത് കുട്ടികൾക്കാവശ്യമായ വൈദ്യസഹായം, തെറാപ്പി സൗകര്യങ്ങൾ, ബഡ്സ് സ്കൂൾ, ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് ആവശ്യമായ പിൻതുണ എന്നിവകൂടി ഉൾപ്പെടുന്ന മാതൃകാ പുനരധിവാസ കേന്ദ്രം സജ്ജമാക്കുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യം. മാതാപിതാക്കളുടെ കാലശേഷവും കുട്ടികളുടെ സംരക്ഷണംകൂടി പദ്ധതിയിൽ ഉൾപ്പെടുത്തുന്ന വിഷയം പരിഗണനയിലുണ്ട്. |

| | | | |
|---|---|---|---|
| | | | പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങളിൽ താഴെപ്പറയുന്ന ഘടകങ്ങൾ ഉൾപ്പെടുത്തുന്നത് പരിഗണനയിലുണ്ട്.<br><br>1. ഭിന്നശേഷിക്കാരായ വ്യക്തികൾക്ക് അത്യാധുനിക സാങ്കേതിക വിദ്യകളുടെ കൂടെ സഹായത്തോട്ടുകൂടി ചികിത്സകൾ/ സേവനങ്ങൾ എന്നിവ ലഭ്യമാക്കി പുനരധിവാസം സാധ്യമാക്കുക.<br><br>2. ഭിന്നശേഷിക്കാർക്ക് ആരോഗ്യകരമായ ജീവിതനിലവാരം ഉറപ്പാക്കുന്നതിനായി സർക്കാർ സഹായത്തോട്ടു കൂടി സൗഹൃദപരമായ പരിതസ്ഥിതി ഉറപ്പു വരുത്തുക.<br><br>3. ഭിന്നശേഷിക്കാരുടെ സമഗ്ര വികസനത്തിനും സ്വാഭിമാനത്തോടെയും ആത്മാഭിമാനത്തോടെയുമുള്ള ജീവിതക്രമം ഉറപ്പു വരുത്തുന്നതിനായി പുതിയ പദ്ധതികൾ ആവിഷ്കരിയ്ക്കുകയും നടപ്പിലാക്കുകയും ചെയ്യുക.<br><br>4. സർക്കാർ, സർക്കാരിത സംവിധാനങ്ങളുടെ സഹായത്തോട്ടു കൂടി സ്വതന്ത്രമായ ജീവിതംനയിക്കുവാൻ ഭിന്നശേഷിക്കാരെ പ്രാപ്തരാക്കുക.<br><br>5.. ഭിന്നശേഷിക്കാർക്ക് സാമൂഹികപരവും സാമ്പത്തികപരവും ആരാഗ്യപരവും മാനസികപരവും നേരിടേണ്ടി വരുന്ന പ്രശ്നങ്ങൾ കണ്ടെത്തി അവ പരിഹരിച്ചു നൽകുന്നതിനുള്ള മാതൃകാസ്ഥാപനമായി പ്രവർത്തിക്കുക. |

സെക്ഷൻ ഓഫീസർ